
little KITEs
ST.STEPHEN'S HSS
KEERAMPARA
KNOWLEDGE IS THE LIGHT OF LIFE

***ആമുഖം***

പ്രിയപ്പെട്ട കൂട്ടുകാരെ,

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയ ലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ പഠന അനുഭവങ്ങളിലേക്കും കൈപിടിച്ചുയർത്താൻ ലിറ്റിൽ കൈറ്റിന് സധിച്ചിട്ടുണ്ടെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞങ്ങൾ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു സമർപ്പിക്കുന്നു.

പഠനത്തിൽ മുന്നിട്ടുനിൽക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് ഐ. ടി. മേഖലയിൽ കൂടുതൽ പരിശീലനം നൽകി അവരുടെ ഉള്ളിലെ കഴിവുകളെ ഉണർത്താകൻ സഹായിക്കുന്ന കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ആനിമേഷൻ, കമ്പ്യൂട്ടറിൽ ചിത്രം വരയ്ക്കുക, മൊബൈൽ ആപ്പ് , ഗെയിം തുടങ്ങിയവയുടെ നിർമ്മാണം, ലിബർ ഓഫീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫോട്ടോഗ്രാഫിയിൽ പരിശീലനം തുടങ്ങിയവ ലിറ്റിൽ കൈറ്റ്സിലൂടെ വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന നേട്ടങ്ങളാണ്. പുത്തൻ സാങ്കേതിക വിദ്യയുടെ മറ്റൊലിയായി മാറാൻ ഈ പ്രവർത്തനത്തിന്റെ വിജയം പുതുതലമുറയ്ക്ക് ആവശ്യമാണ്. ഞങ്ങളുടെ ഈ എളിയ പ്രവർത്തനം വിജയകരമാക്കാൻ നിങ്ങളുടെ സഹകരണം ആവശ്യകരമാണ്.

എന്ന്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## ആശംസ

അറിവിന്റെ ലോകത്തെ ആത്മാന്വേഷകരേ, വിദ്യയുടെ ലോകത്തിലേക്കുള്ള ജാലകം തുറക്കാനായി എന്റെ പ്രിയ കുട്ടികൾ നിർമ്മിച്ച "e-ദീപം" എന്ന മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. പുത്തൻ ലോകത്ത് പുതുമയാർന്ന പ്രവർത്തനങ്ങൾ പങ്കുവക്കേണ്ടത് പുതുതലമുറയുടെ കർത്തവ്യമാണ്. ആ  കർത്തവ്യ നിർവ്വഹണത്തിൽ അക്ഷീണം പ്രയത്നിച്ച് നിങ്ങളുടെ പ്രവർത്തനങ്ങൾ വിജയസോപാനത്തിനത്തിലെത്തട്ടെ എന്ന് ആത്മാർത്ഥമായി ജഗതീശ്വരവനോട് പ്രാർത്ഥിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് എന്ന പ്രവർത്തനത്തിലൂടെ നിങ്ങളുടെ ജീവിതത്തിൽ മാറ്റത്തിന്റെ മുകുളങ്ങൾ വിരിയട്ടെ.

അറിവിന്റ മുഖങ്ങളിൽ സൂര്യനാവുക.

ആശംസകളോടെ നിങ്ങളുടെ പ്രിയ
മാർട്ടിൻ സൈമൺ

**മാഗസിൻ രചനാ സമിതി**

സ്കൂൾ എച്ച്.എം

മാർട്ടിൻ സൈമൺ

ലിറ്റിൽ കൈറ്റ്സ് ട്രെയിനീസ്

അരുൺ. ജി ബിജി ടി മാർക്കോസ്

ചീഫ് എഡിറ്റർ

ഏയ്ഞ്ചൽ ഏലിയാസ്

സബ് എഡിറ്റേർസ്

എൽസൺ ജോയി ബിനോട്ട് ബിജു റിനിൽ റെജി

ഡിസൈനേർസ്

അനന്തു അജി സംഗീത് പി. എസ്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

അനന്തു അജി

അമൽ സജി

ആഷിക്ക് പി.ആർ

ഇമ്മാനുവേൽ ജോർജ്ജ്

എൽസൺ ജോയി

ഏയ്ഞ്ചൽ ഏലിയാസ്

ബിനോട്ട് ബിജു

ബേസിൽ ബിജു

ജസ്റ്റിൻ ജോർജ്ജ്

മണിലാൽ പി.എസ്

ഷാരോൺ സോജൻ

അജിൻ രാജൻ

അച്ചു ടി.വി

ആൽബിൻ കെ ഷാജി

ആൽബിൻ സാബു

ആഷിക് വി.ആർ

ബെൻസൺ ബെന്നി

പ്രത്യൂവ് പി

ഷിനോജ് ഷിബു

സൈൻ കെ ബിനു

സംഗീത് പി. എസ്

റിനിൽ റെജി

ടൈപ്പിങ്

ജോയൽ സേവ്യർ ബിനോയി അജോ ജോയി

## ഉള്ളടക്കം


1. സൺ റൈസസ് ഓൺ ദി ഹിൽ ................................ 6
2. ഡെത്ത് ദി ലെവല്ലർ................................ 7
3. സ്റ്റാമ്മർ................................ 8
4. മെന്റിങ് വാൾ................................ 9
5. ഏകനായി................................ 10
6. ഉണ്ണിയുടെ കളികൾ................................ 11
7. വിട്ടുപോയ ഉത്തരവ്................................ 12
8. ഇരുട്ട്................................ 13
9. ഫ്രണ്ട്................................ 14
10. രാജ്യസ്നേഹം................................ 15
11. മീൻ കുഞ്ഞുങ്ങൾ................................ 16
12. നേതാവ്................................ 17
13. അനുസരണക്കേടിന്റെ ഫലം................................ 19
14. നല്ലവനായ പാൽക്കാരന്റെ കഥ................................ 20
15. കൂട്ടുകാരികളായ മീനിന്റെ കഥ................................ 21
16. അധ്യാപക ദിനം................................ 22
17. പുകവലി വരുത്തുന്ന ദോഷങ്ങൾ................................ 24
18. അറിയാമോ പറയാമോ?................................ 26
19. കടങ്കഥകൾ................................ 28
20. പഴഞ്ചൊല്ലുകൾ................................ 30
21. പാരഡി................................ 31
22. മഹാത്മ ഗാന്ധി................................ 32
23. മഹാത്മാഗാന്ധിയിലേക്ക് ഒരു തിരിഞ്ഞുനോട്ടം........... 33
24. വലിയവരുടെ ലോകം................................ 35
25. പോവർട്ടി................................ 37
26. വിട്ടുപോയ ഉത്തരവ്................................ 38
27. വൈക്കം മുഹമ്മദ് ബഷീർ................................ 39
28. നന്ദി................................ 40

## *Sun Rises on the Hill*



*I stood upon the hills, when heaven's wide arch*
*Was glorious with the sun's returning march*
*And woods were brightened and soft gales*
*Went forth to kiss the  sun-clad vales*
*The clouds were far beneath me bathed in light*
*They gathered midway round the wooded height*
*And in their fading glory, shone*
*Like hosts in battle over thrown*
*As many pinnacle, with shifting glance*
*Through the grey mist thrust up its shattered*
*And rocking on the cliffs was left*
*The dark pine blasted,bare and cleft.*
*The veil of cloud was lifted and below.*
*Glowed the rich valley and river's flow*
*was darkened by the forest's shade*
*Or glistened in the white cascade*
*where upward in the mellow blush of day*
*The noisy bittern wheeled his spiral way*

*I heard the distant waters clash*
*I saw the current whirl and flash*
*And richly, by the blue lake's silver beach*
*The woods were bending with a silent reach*
*then over the value,with gentle swell*
*The music of the village bell*
*came sweetly to the echo-giving hills.*

***Daniel Deepu***

## *Death the Leveller*

*The glories of our blood and state*
*Are shadows not substantial things;*
*There is no armour against fade*
*Death lays his icy hands on kings*

*Sceptre and crown*
*Must tumble down*
*And in the dust be equal made*
*with the poor crooked scythe and spade*

*Some men with swords may reap the field,*
*And plant fresh laurels where they kill*
*But their strong nerves at last must yield.*

*They lame one another still; early or late,*
*They stop to fate*
*And must give up their murmuring breath*
*when they pale captives creep to death.*



*The garlands wither on your brow*
*then boast no more your mighty deeds*
*Upon death's purple altar now*
*See where the victor-victim bleeds*

*Your heads must come*
*to the cold tomb*
*Only the actions of the just*
*smell sweet and blossom in their dust.*

***Daniel Deepu***

## *STAMMER*




Stammer is no handicap
It is a mode of speech.
Stammer is silence that falls,
between the word and the meaning.
Just as lameness is silence that falls,
between the word and the deed.

Did stammer precede language
or succeed it ?
It is only dialect or
a language itself ?
These questions make
the linguists stammer
Each time we stammer
we are offering sacrifice
to the God of Meanings
When a whole people stammer
Stammer becomes their mother tongue
Just as it is with us now
God too must have stammered
When he created man
That is why all the words of man
Carry different meanings
That is why everything he utters
From his prayers to his commands
Stammers like poetry

**Daniel Deepu**

## *Mending Wall*



Something there is that doesn't love a wall
That sends a frozen-ground-swell under it.
And spills the upper boulders in the sun,
And makes gaps even two can pass a breast
The work of hunters is another thing:
I have come after them and made repair
Where they would have left not one stone on a stone
But they would have the rabbit out of the hiding,
To please the yelping dogs. The Gaps I mean
No one has seen them made or heard them made
But in spring mending-time we find them there
I let my neighbour know beyond the hill
And on a day we met to walk the line
And set the wall between us as we go
To reach the boulders that have fallen to each.
And some are loaves and some so nearby balls.
We have to use a spell to make them balance
"Stay where you are until our backs are turned!"
We wear our fingers rough with handing them.

"I reached to touch a rainbow today,
I reached up high ,so high
And yet as high as I reached up,
I could not touch the sky.
I will reach to touch a rainbow again,
I will reach up high enough,
I just may skim the sky.

**Daniel Deepu**

# ഏകനായി



ഏതോ വിദൂരമാം നിമിഷങ്ങളിൽ
ഞാൻ എന്തോ ഓർത്തുനിന്നിരുന്നു
ആരും അറിയാത്ത മായാലോകത്തിൽ
ആരെ ആരെയോ ഓർത്ത് ഇരുന്നു.
കാറ്റായി നീ എന്നെ തഴുകുന്നനേരത്തെൻ
മനസിൽ അനുഭൂതിയായി നിന്നിരുന്നു.
ഇന്നലെ എൻ സ്വപ്നത്തിൽ നിൻമുഖം
ഒരു ദിവ്യദീപമായ തെളിഞ്ഞിരുന്നു.
എന്തേ നീ കണ്ണുനീരാലെൻ ഹൃദയത്തെ
നിൻ സ്വന്തം പിലിയാൻ തഴുകാത്തു ഏതോ
വിജനമാു ദു:ഖസാഗരത്തിൽ ഞാൻ
ഇന്നു അലയടിച്ചൊഴുകുന്നു.
അദേഘ്ഷം എൻ മനീസ്സണോ
ടരുളുന്നു എന്നു ഭൂമിയിൽ
ഞാൻ മാത്രം ഏകനായ്.


**അജോ ജോയി**

## <u>ഉണ്ണിയുടെ കളികൾ</u>

ഉണ്ണീ നീയിന്നെവിടെയൊളിച്ചു
ഒന്നു പറഞ്ഞുതരാമോ,
കണ്ണുംകെട്ടി നടക്കുന്നു ഞാൻ
നിന്നെത്തേടി, നടക്കുന്നു ഞാൻ

വീടിനു പിറകിൽ നിൽപ്പാണോ !
ചെടികൾക്കിടയിലിരിപ്പാണോ !
കിടപ്പുമുറിയിൽ കട്ടിൽച്ചോട്ടിൽ
ഒളിച്ചുകിടക്കുകയാണോ നീ !

എവിടെയൊളിച്ചുനടക്കുന്നു നീ
എന്നെ കബളിപ്പിക്കുന്നോ നീ
കണ്ണുംകെട്ടി നടക്കുന്നു ഞാൻ
നിന്നെത്തേടി, നടക്കുന്നു ഞാൻ



**ബിശ്വിൻ സണ്ണി**

# ***വിട്ടുപോയ ഉത്തരവ്***




വേറൊരവസരത്തിന് ആശിപ്പു നാം മിക്കപ്പോഴും
പുത്തനൊരാരംഭം നടത്തുവാൻ
നമ്മൾ തൻ തെറ്റുകൾ വിസ്മരിക്കുവാൻ
വീഴ്ചയെ വിജയമാക്കി മാറ്റുവാൻ
ഒരു പുതുദിനമതിനു വേണ്ട
പുത്തനൊരിനം ആരംഭമിടാൻ
ആഴമുള്ളരിച്ഛയേ വേണ്ടു
പൂർണ്ണമാം മനസ്സോടെ ശ്രമിക്കുവാൻ
അല്പം കൂടി മെച്ചമായി ജീവിക്കാൻ
എപ്പൊഴും മാപ്പേകുവോരാവാൻ
ഒരിറ്റ് ശോഭകൂടി പകരുവാൻ
നാം പാർക്കുമീ ഭൂവിന്
നൈരാശ്യത്തിലൊരിക്കലും ആശ വെടിയരുത്
കരുതരുതൊരിക്കലും കഥ കഴിഞ്ഞെന്നും
കാരണം പ്രഭാതമെപ്പൊഴുമുണ്ടെന്ന്
പുത്തനൊരാരംഭത്തിനു പ്രതീക്ഷയും

**അജോ ജോയി**

# ഇരുട്ട്

വെളിച്ചം തേടിയ ഞാൻ കണ്ടത്
ഇരുട്ടിന്റെ കറുത്ത നിറമാണ്
വെളിച്ചത്തിനായ് ഞാൻ ഒടിയിട്ടും
കൂടെനിന്നത് ഇരുട്ടുമാത്രം
കൂടെയുള്ളെരെൻ നിഴലുപോലും
അപ്പോഴെൻ അരികിലെത്തിയില്ലാ
പേടിച്ചരണ്ടു ഞാൻ നിന്നിട്ടുമാ
ഇരുട്ടെന്നെ ഒന്നും ചെയ്തതില്ല
തിരിച്ചറിഞ്ഞുഞാൻ ആ സത്യത്തെ
ഇരുട്ടിനെയല്ല ഞാൻ പേടിച്ചത്
എൻ മനസ്സിന്റെ അന്ധകാരത്തെയത്രെ



**ആഷിക് വി.ആർ**

## ***ഫ്രണ്ട്***

എൻ ഫ്രണ്ടിൻ കഥയതുകേൾക്കാൽ
കൂടെപ്പോരെൻ മച്ചാനെ
ഫ്രണ്ട്ഷിപ്പിൻ  വിലയെന്താണന്ന്
അറിയൂ മച്ചാനെ
ഫ്രണ്ടിനൊരു പ്രോബ്ലം വന്നാൽ
ഫ്രണ്ടിൽകാണും മച്ചാനെ
നിൻ കൂടെ ഓരു ഫ്രണ്ട് ഉണ്ടെലോ
എന്തും നേട്ടും മച്ചാനെ
ഓരു ലൈൻ അടിക്കും നേരം
ഫുൾ സപ്പോർട്ട്ആയി വന്നിട്ടും
ഒരു സ്മോളടിക്കും നേരം
കൈയിൽ ടച്ചിംഗ്സായി വന്നിട്ടും
മിസ്സ്കോളടിക്കും നേരം
കൈയിൽ റീച്ചാർജ്ജായി വന്നിട്ടും
നിയെന്നും കൂടെ ഉണ്ടെൽ
എന്തും നേടാം മച്ചാനെ



**ഡാനിയേൽ ദീപു**

## *രാജ്യസ്നേഹം*

ഒരിക്കൽ പാക്കിസ്ഥാന്റെ ഒരു താവളം ഇന്ത്യൻ ആർമി മിസ്സൈൽ ഉപയോഗിച്ച് തകർത്തു. ഇതിൽ ക്ഷുഭിതരായ പാക് സേന ഒരു മിന്നലാക്രമണം നടത്തി. ഇന്ത്യൻ സേനക്ക് ഇതു തടുക്കാൻ സാധിച്ചില്ല. ഇന്ത്യയുടെ തന്ത്രങ്ങളെല്ലാം തകർന്നു. ഇന്ത്യക്ക് താങ്ങാനാകാത്ത തിരിച്ചടിയായിരുന്നു അത്. യുദ്ധരഹസ്യങ്ങൾ ചോർന്നതെങ്ങനെയെന്ന് കണ്ടെത്താനായി ഒരു കൂട്ടം കമാൻഡോസിനെ നിയമിച്ചു. ഈ ടീമിനെ നയിക്കാൻ ലെഫ്റ്റനന്റ് കമാൻഡോ മഹാദേവനെ ചുമതലപ്പെടുത്തി. മഹാദേവന്റെ കീഴിൽ ഉദ്യോഗസ്ഥർ കിണഞ്ഞു പരിശ്രമിച്ചിട്ടും കാരണം കണ്ടെത്താൻ ആർക്കും സാധിച്ചില്ല. ഒടുവിൽ ഈ ടീമിനെത്തന്നെ ഒഴിവാക്കി. എന്നാൽ മഹാദേവൻ മാത്രം ഈ ഉദ്യമത്തിൽ നിന്ന് പിന്മാറിയില്ല. ആരെയും അറിയിക്കാതെ മഹാദേവൻ ഒറ്റക്ക് പരിശ്രമിച്ചു. ഒടുവിൽ അദ്ദേഹം കാരണം കണ്ടെത്തി. തന്റെ കണ്ടെത്തൽ മഹാദേവനെ ഞെട്ടിച്ചു. കാരണം തന്റെ ഉറ്റ ചങ്ങാതിയും കമാൻഡോയുമായ ശരവണനാണ് ഒറ്റിക്കൊടുത്തത്. പിരിച്ചുവിട്ട തന്റെ ടീമിലെ അംഗമായിരുന്നു അയാൾ. മഹാദേവൻ തൽക്കാലത്തേക്ക് ഇക്കാര്യം രഹസ്യമാക്കിവച്ചു. ശരവണന്റെ യഥാർത്ഥ രൂപം പുറത്തുകൊണ്ടുവരാനുള്ള ശ്രമത്തിലായി പിന്നീട് മഹാദേവൻ. തന്റെ മേലുദ്യോഗസ്ഥരുമായി ആലോചിച്ച് വീണ്ടുമൊരു യുദ്ധം നടത്താൻ മഹാദേവൻ തീരുമാനിച്ചു.ശരവണനെ ഉൾപ്പെടുത്തി മഹാദേവൻ ഒരു രൂപരേഖ തയ്യാറാക്കി. അത് അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ മഹാദേവൻ രഹസ്യമായി മേലുദ്യോഗസ്ഥരുടെ ഇ-മെയിലിലേക്ക് അദ്ദേഹം തന്റെ പദ്ധതിയും യഥാർത്ഥ രൂപരേഖയും അയച്ചുകൊടുത്തു.

യുദ്ധദിവസമെത്തി. ഇന്ത്യൻ സേനാംഗങ്ങൾ ഏതുവഴി നുഴഞ്ഞുകയറാൻ നേരത്തേതന്നെ പാക് സേനക്ക് വിവരം നൽകിയിരുന്നു. അവിടെ കുഴിബോംബുകൾ വക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ യഥാർത്ഥ രൂപരേഖ അനുസരിച്ച് ഇന്ത്യൻ സേന മിസ്സൈലുകളും യുദ്ധ വിമാനങ്ങളും ബോംബുകളുമാണ് ഉപയോഗിച്ചത് മഹാദേവനും ശരവണനും ഉൾപ്പെട്ട ഒരു സംഘം പാക് അതിർത്തിയിൽക്കൂടി നുഴഞ്ഞുകയറി പാക് സേനയുടെ പ്രധാനതാവളം അവർ ഹൈജാക്ക് ചെയ്തു. അവരുടെ സേനാംഗങ്ങളെ ബന്ദികളാക്കി അവരുടെ പ്രധാനതാവളത്തിൽ കയറ്റി. മഹാദേവനും ശരവണനും മാത്രമാണ് അതിനുള്ളിൽ കയറിയത്. ബാക്കിയുള്ളവരെ കുറച്ചുമാറിയുള്ള ടെന്റിൽ നിൽക്കാൻ നിർദ്ദേശിച്ചു.

ശരവണൻ പാക് മേജറുടെ നിർദ്ദേശപ്രകാരം മഹാദേവന്റെ നെഞ്ചിലേക്ക് നിറയൊഴിച്ചു. അപ്പോൾ വൻ ശബ്ദത്തോടെ അവർ നിന്ന സ്ഥലം പൊട്ടിത്തെറിച്ചു. മഹാദേവൻ തന്റെ ജാക്കറ്റിനുള്ളിൽ കരുതിയിരുന്ന ബോംബായിരുന്നു പൊട്ടിത്തെറിച്ചത്.
ധീരനായ കമാൻഡോ മഹാദേവനെ രാജ്യം കണ്ണീരോടെ ആദരിച്ചു

**ഏയ്ഞ്ചൽ ഏലിയാസ്**



## *മീൻ കുഞ്ഞുങ്ങൾ*

പണ്ട് പണ്ട് കുറയെ മീൻ കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. സുന്ദരിയായ മീനും സുന്ദരിയല്ലാത്ത മീനും. സുന്ദരിയായ മീനിന് ബുദ്ധിയില്ലായിരുന്നു. സുന്ദരിയല്ലാത്ത മീനിന് ബുദ്ധിയുണ്ടായിരുന്നു. സുന്ദരിയല്ലാത്ത മീനിനെ ആരും കളിക്കാൻ കൂട്ടാറില്ലായിരുന്നു. കാരണം മറ്റുള്ളമീനുകൾക്ക് അവളോട് അസൂയയായിരുന്നു. ഒരു ദിവസം ഒരാൾ മീൻ പിടിക്കാൻ വന്നു. ചൂണ്ടയിൻ ഇരയെ കൊരുത്ത് വെള്ളത്തിലേക്കിട്ടു. സുന്ദരിയായ മീൻ ഇരയെ കണ്ട് അത് കഴിക്കാൻ ചെന്നു. അപ്പോൾ ബുദ്ധിയുള്ള മീൻ പറഞ്ഞു: " അതു തിന്നരുത്. അത് ആപത്താണ്. എന്റെ അച്ഛനെയും അമ്മയേയും ഇങ്ങനെയാണ് പിടിച്ചുകൊണ്ടുപോയത്. "."നീ പോടി. ഞാനത് കഴിക്കും." സുന്ദരിമീൻ അതിൽ കടിച്ചു. ചൂണ്ടയിൽ മീൻ കുടുങ്ങിയതു കണ്ട് അയാൾ ചൂണ്ട വലിച്ചു. അയാൾ മീനിനെ പൊക്കി കരയിലിട്ടു. സുന്ദരിമീൻ ചെറുതായതുകൊണ്ട് അയാൾ അതിനെ തിരികെ  വെള്ളത്തിലേക്കുതന്നെ ഇട്ടു. സുന്ദരിമീനിന്റെ ചുണ്ടെല്ലാം മുറിഞ്ഞു. അതോടെ  സുന്ദരിമീനിന് സൗന്ദര്യമുണ്ടായിട്ടു കാര്യമില്ല, ബുദ്ധിയും വേണമെന്ന് മനസ്സിലായി.

**ഗുണപാഠം: *അഹങ്കാരവും അത്യാഗ്രഹവും ആപത്ത്***

**അഭിഷേക്**



## *നേതാവ്*

ഈ കഥ നടക്കുന്നത് വടാട്ടുപാറയിലാണ്. വടാട്ടുപാറയിൽ മാവോയിസ്റ്റ് ആക്രമണം നടന്നുകൊണ്ടിരിക്കുന്ന കാലം. പലരും ഇവരെ തടയാൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. ശ്രമിച്ചവർക്ക് ഭലം മരണം മാത്രം. ആയിടക്ക് എസ്. എഫ്. ഐ പാർട്ടിയിൽ കയറിയ ഒരു യുവ നേതാവാണ് അഭിമന്യു. ഇദ്ദേഹത്തിന്റെ സഹായിയായിരുന്നു ഉണ്ണി. ഉണ്ണിയുടെ സുഹൃത്താണ് വിഷ്ണു. വിഷ്ണുവാണ് മാവോയിസ്റ്റുകളുടെ പല വിവരങ്ങളും പാർട്ടിക്ക് ചോർത്തിക്കൊടുക്കുന്ന ചാരൻ. മാവോയിസ്റ്റ് ആക്രമണങ്ങൾ വളർന്നുകൊണ്ടിരുന്നു. നിരപരാധികളായ മാവോയിസ്റ്റിന്റെ തോക്കിൻമുനയിൽ മരിച്ചുവീണു. മരിച്ചുപോയ ആളുകളുടെ കുടുംബത്തെ അഭിമന്യു സഹായിക്കുമായിരുന്നു. പരിക്കേറ്റവർക്ക് അദ്ദേഹം സഹായവും പരിചരണവും നൽകി. പാവപ്പെട്ടവരെ സഹായിക്കാനും അഭിമന്യു മറന്നില്ല.അങ്ങനെ അഭിമന്യു എല്ലാവരുടെയും പ്രിയപ്പെട്ടവനായി മാറി. മാവോയിസ്റ്റ് ആക്രമണങ്ങൾക്കെതിരെ എസ്. എഫ്. ഐ പാർട്ടി തിരിച്ചടിക്കാൻ തീരുമാനിച്ചു. സഖാവ് അഭിമന്യുവും സഖാവ് ഉണ്ണിയുമാണ് ഇതിന് നേതൃത്വം നൽകിയത്. വടാട്ടുപാറയുടെ പ്രത്യേകത എന്നു പറയുന്നത് കൊടും വനങ്ങളാണ്. ഈ വനത്തിലായിരുന്നു മാവോയിസ്റ്റുകൾ തമ്പടിച്ചിരുന്നത്. എസ്. എഫ്. ഐ അവർ തമ്പടിച്ചിരുന്ന സ്ഥലം മനസ്സിലാക്കി. വിഷ്ണുവാണ് സ്ഥലം കണ്ടെത്തിയത്. അതിനു ചുറ്റും അവർ തീയിട്ടു. അവരുടെ പുരകളും, മാപ്പുകളും, തോക്കും, ബോംബും, മറ്റു സാമഗ്രികളും കത്തിനശിച്ചു. ഇതിനെത്തുടർന്ന് കുച്ചുകാലം മാവോയിസ്റ്റ് ആക്രമണം ഇല്ലാതിരുന്നു. അവരുടെ ആയുധങ്ങളും മറ്റും കത്തിനശിച്ചതു കൊണ്ടാണ് അവർ തൽക്കാലം പിന്മാറിയത്. എന്നാൽ പതിൻമടങ്ങ് ശക്തിയോടെ അവർ തിരിച്ചെത്തി. വെടിയുണ്ടകളും, തോക്കുകളും, ബോംബുകളുമായി. വനങ്ങൾ കേന്ദ്രീകരിച്ച് അവർ കൂടുതൽ ആക്രമണങ്ങൾ നടത്തി. അവിടുത്തെ ജനങ്ങൾക്ക് കൂടുതൽ നാശനഷ്ടങ്ങളുണ്ടായി. ഈ സമയത്താണ് എസ്. എഫ്. ഐ-യുടെ നേതാവായി അഭിമന്യുവിനെ തിരഞ്ഞെടുത്തത്. അഭിമന്യു നേതാവായതിനെത്തുടർന്ന് പാർട്ടി കൂടുതൽ ശക്തിപ്രാപിച്ചു. മാവോയിസ്റ്റുകളുടെ ഫല മിന്നലാക്രമണങ്ങളും അവർ തടഞ്ഞു. കൂടാതെ മാവോയിസ്റ്റുകൾക്കെതിരെ അവർ പല ആക്രമണങ്ങളും നടത്തി. ഈയിടക്കാണ് അവിടുത്തെ മഹാമാന്ത്രികനായ അബ്ദുറഹ്മാൻ ദിവ്യശക്തിയുള്ള കാൽത്തളയും മോതിരവും അഭിമന്യുവിന് നൽകി. എന്നിട്ടദ്ദേഹം പറഞ്ഞു,"ഈ ദിവ്യശക്തിയുള്ള മോതിരവും, കാൽത്തളയും നിന്റെ ശരീരത്തിലുള്ളിടത്തോളം കാലം ഒരു ശത്രുവിനും നിന്നെ ഒന്നും ചെയ്യാൻ സാധിക്കില്ല" . കാൽത്തളയും, മോതിരവും കിട്ടിയതോടെ അദ്ദേഹം ഇരട്ടി ശക്തി പ്രാപിച്ചു. പല മിന്നലാക്രമണങ്ങളും അദ്ദേഹം മാവോയിസ്റ്റുകൾക്കെതിരെ നടത്തി. അതൊക്കെ ഭലംകാണുകയും ചെയ്തു. മാവോയിസ്റ്റുകളുടെ ആക്രമണങ്ങൾ പതുക്കെ കുറഞ്ഞു. ഈയിടക്ക് മാവോയിസ്റ്റുകൾ സഖാവ് ഉണ്ണിയെയും വിഷ്ണുവിനെയും പണം നൽകി അവരുടെ വശത്താക്കി. ഇതൊന്നും സഖാവ് അഭിമന്യു അറിഞ്ഞില്ല. അഭിമന്യുവിനെ കൊല്ലാൻ അവർ തക്കം പാർത്തിരുന്നു. മഹാമന്ത്രവാദിയായ അബ്ദുറഹ്മാൻ നൽകിയ കാൽത്തളയും മോതിരവും അദ്ദേഹത്തിന്റെ ശരീരത്തിലുള്ളിടത്തോളം കാലം ഉണ്ണിക്കും വിഷ്ണുവിനും അദ്ദേഹത്തെ ഒന്നും ചെയ്യാൻ സാധിച്ചില്ല. ഒരിക്കൽ വൈകിട്ട് അഭിമന്യു കുളിക്കാനായി പുഴയിലിറങ്ങി. ഉണ്ണിയും വിഷ്ണുവും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

അദ്ദേഹം തന്റെ വിരലിൽ ധരിച്ചിരുന്ന മോതിരവും, കാലിൽ ധരിച്ചിരുന്ന കാൽത്തളയും കരയിൽ ഊരിവച്ചു. അവർക്കു കിട്ടിയ അവസരം ഉണ്ണിയും വിഷ്ണുവും മുതലാക്കി. അവർ തോക്കെടുത്ത് വെടിവച്ചു. എസ്. എഫ്. ഐ-യുടെ ധീരനായ നേതാവ് അവിടെ മരിച്ചുവീണു. വിവരമറിഞ്ഞ നാട്ടുകാർ ഉണ്ണിയെയും വിഷ്ണുവിനെയും തൂക്കുമരത്തിലേറ്റി. അഭിമന്യുവിന്റെ മൃതദേഹം അവർ സംസ്കരിച്ചു. ജനങ്ങളുടെ കണ്ണിലുണ്ണിയും പ്രിയങ്കരനും മാവോയിസ്റ്റുകളുടെ പേടിസ്വപ്നവുമായിരുന്ന സഖാവ് അഭിമന്യുവിന്റെ കഥ അവിടെ അവസാനിച്ചു.

**എബിൻ എൽദോ**



## *അനുസരണക്കേടിന്റെ ഫലം*

ഒരിടത്തൊരിടത്ത് ഒരു കുട്ടിയുണ്ടായിരുപന്നു.അവന്റെ പേര് അനുപ് എന്നായിരുന്നു. അനുപിനെ വീട്ടിൽ വിളിക്കുന്നത് അപ്പു എന്നാണ്. അപ്പുവിന്റെ വീട്ടിൽ എല്ലാവരുമുണ്ട്. അച്ഛൻ അമ്മ പിന്നെ ഒരു ചേച്ചി.അപ്പു +2 വിലാണ് പഠിക്കുന്നത്. കുറച്ച് നാളുകൾക്ക് ശേഷം +2 വിലെ പരീക്ഷയെത്തി. അപ്പു പരീക്ഷയെഴുതി.റിസൽറ്റ് വന്നപ്പോൾ അപ്പു തോറ്റു. അപ്പുവിനെ വീട്ടിൽ ഒത്തിരി വഴക്ക് പറഞ്ഞു. അങ്ങനെ അപ്പു പടിപ്പ് നിർത്തി. അവൻ ചില ചീത്ത കൂട്ട്കെട്ടുകളിൽ ചെന്ന് ചാടി. അവൻ ആകെ മാറി. അപ്പുവിന് എന്തോ കുഴപ്പമുണ്ടെന്ന് അമ്മക്ക് മനസ്സിലായി. അമ്മ പറഞ്ഞു അപ്പു നീ ഈ കൂട്ട് കെട്ടൊക്കെ നിർത്തണം ഇത് നല്ലതല്ല അമ്മ അവനെ ഒത്തിരി ഉപദേശിച്ചു. അതൊന്നും വകവയ്ക്കാതെ അപ്പു എവിടേക്കോ ഇറങ്ങിപ്പോയി.അമ്മയ്ക്ക് ഒരുപാട് ശങ്കടനായി. മകൻ ഇങ്ങനെയായി പോയല്ലോ എന്നോർത്ത്.കുറച്ച് നാൾ കഴഇഞ്ഞപ്പോൾ അപ്പു മദ്യപിക്കുമെന്ന് എല്ലാവർക്കും മനസ്സിലായി.ഒരു ദിവസം അപ്പു കൂട്ട്കൂടി അമിധമായി മദ്യപിച്ച് കൂട്ടുകാരുമായി തല്ലിപ്പിരിഞ്ഞു. അപ്പുവിനെ ഒരു ഓട്ടോക്കാരൻ ആശുപത്രിയിൽ കൊണ്ടുപോയി. അവന്റെ കയ്യും കാലുമെല്ലാം ഒടിഞ്ഞു. അപ്പോൾ അവനോർത്തു അമ്മ പറഞ്ഞത് അനുസരിച്ചായിരുന്നുവെങ്കിൽ എന്ന്.എല്ലാവർക്കും ഒരു പാഠമാണ് മതാപിതാക്കൾ പറയുന്നത് അനുസരിക്കണം.

**റിനിൽ റെജി**

.



## ***നല്ലവനായ പാൽ കാരന്റെ കഥ***

ഒരിടത്ത് ഒരിടത്ത് ഒരു പാൽകാരനുണ്ടായിരുന്നു. അവന്റെ പേര് ഗണേശൻ എന്നായിരുന്നു. ഒരു ദിവസം ഒരു വീട്ടിൽ പോലും പാൽ എത്തിയില്ലാ. കാരണം പശുവിന്റെ കുഞ്ഞ് പാൽ മുഴുവനും കുടിച്ചു തീർത്തു. അവർ ഗണേശനോട് നാളെ മുതൽ പാൽ തരേണ്ടാ എന്നു പറഞ്ഞു. പക്ഷേ ഗണേശൻ അത് കാര്യമായിട്ട് എടുത്തില്ലാ. പിറ്റേദിവസം പാൽകൊണ്ട് ഗണേശൻ വന്നപ്പോൾ അവർ അവനെ വഴക്കുപറഞ്ഞു . അവനു വളരെ സങ്കടമായി. അവൻ കൂലി പണി അന്വേഷിച്ച് അവൻ പുറം രാജ്യത്തിലേക്ക് പോയി അവൻ പണിചെയ്ത് പത്ത് സഞ്ചി നിറച്ചും പണമായിയാണ് അവൻ തിരിച്ചുവന്നത്. ഗണേശൻ പോയതിനാൽ ഒരു നല്ലവനായ പാൽകാരൻ വന്നിരുന്നു. ഒരു ദിവസം ഗണേശന്റെ വീട് ജപ്പ്ത്തിയായി ഗണേശന്റെ എല്ലാം പോലീസ് കൊണ്ട്പോയി. അന്നേരം ഈ നല്ലവനായ പാൽക്കരനാണ് കയറിക്കിടക്കാൻ ഇടംകൊടുത്തത്, അതിന്റെ ഒർമ്മക്കായി ഗണേശൻ ഈ ദിവസം ജനുവരി മൂന്നാം തീയതി ആചരിക്കുന്നത്.

***ഗുണപാഠം:*** *നമ്മളെ സഹായിക്കുന്നവരെ നമ്മളും സഹായിക്കണം.*


**ആന്റണീസ് ബിനു**



# കൂട്ടുകാരികളായ മീനിന്റെ കഥ

ഒരിടത്ത് ഒരിടത്ത് രണ്ടു മീനുണ്ടായിരുന്നു. അവ വളരെ കൂട്ടുകാരികളായിരുന്നു. ഒരു മീനിന്റെ പേര് ഗോൾഡി എന്നു വേറെ മീനിന്റെ പേര് ലൈമി എന്നു മായിരുന്നു. അവർക്ക് എന്നും ഒരോ ദിവസവും സന്തോഷമുള്ളതായിരുന്നു. അവർ എന്നും കളിക്കാൻ പോവുമായിരുന്നു. ഒരു ദിവസം അവർ കളിക്കാൻ പോയി. അവരുടെ വീട്ടിൽ അകെ ബഹളമായി. അവർ പറഞ്ഞു :-നമ്മുക്ക് പോയി നോക്കാം അവർ അന്വോഷിച്ചു. അവരെ കണ്ടെത്തി. അവർ വീട്ടിൽ പറയാതെയാണ് പോയത്. ഒരു ദിവസം കളിക്കാൻ പോയപ്പോൾ ഇക്കു എന്ന ഷാർക്കിനെ കണ്ടു അവർ പെടിചോടി. "കുട്ടകാരി വേഗം വരു. ഇവിടെ നിന്ന് നമുക്ക് പോകാം നമുക്ക് അവിടെ ഒന്നിച്ചു നിൽക്കാം കൂട്ടുകാരി" ഗോൾഡി പറഞ്ഞു. അവർ അവിടെ ഒന്നിച്ചു നിന്നു. പക്ഷെ അവർക്ക് അറിയില്ലായിരുന്നു. ഇക്കുവിന് കളിക്കുന്നത് വളരെ ഇഷ്ട് മാണെന്ന്. ഒരു ദിവസം ഇക്കു പറഞ്ഞു:-പേടിക്കേണ്ട ഞാൻ നിങ്ങളെ തിന്നില്ല. അവർ സന്തോഷമായി അവർ ഒരുമിച്ച് കളിച്ചു.ഇക്കുവിന്റെ അമ്മ വീട്ടിൽ കാത്തിരിക്കുകയായിരിന്നു. ഇക്കുവിന്റെ അമ്മയ്ക്ക് അവനെ ഇതുവരെ കാണാതെ ഇതിരുന്നതിൽ ഇക്കുവിന്റെ അമ്മയ്ക്ക് പേടിയായി. അമ്മ .കുറച്ചുനേരം കൂടി കാത്തിരിന്നു അവൻ വന്നില്ല. അവൻ
രാത്രിയായപ്പോൾ വീട്ടിൽ വന്നു. അവൻ അമ്മയോട് നടന്ന കാര്യങ്ങൾ പറഞ്ഞു. അവന്റെ അമ്മയ്ക്ക് സന്തോഷമായി. ഇക്കുവിന്റെയും കൂട്ടുകാരുടെയും കല്യാണത്തിന് അവപരുടെ മാതാപിക്കളെ ക്ഷണിച്ചു. അവർക്ക് കുട്ടികളുണ്ടായി അവർ സന്തോഷത്തോടെ ജീവിച്ചു.

**ആന്റണീസ് ബിനു**



## *അധ്യാപക ദിനം*

"ഗുരുർ ദേവോ ഭവഃ"എന്നത് ഘോഷിച്ച ആർഷ  ഭാരത സംസ്കാരത്തിനുടമകളാണ് ഭാരതീയരായ നാം. നമുക്ക് ഗുരു ദൈവതുല്യനല്ല; ദൈവം തന്നെയാണ്. ഗുരു എന്ന പദത്തിനർത്ഥം 'മനസ്സിലെ അന്ധകാരം അകറ്റുന്നവൻ എന്നാണ്. അങ്ങനെ മനസ്സിൽ ജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന ഗുരുവിനെ സമാദരിക്കേണ്ട ആവശ്യകത യവനരും അംഗീകരിച്ചു. യവന തത്വചിന്തകനായ

അരിസ്റ്റോട്ടിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്- "രക്ഷാകർത്താക്കളെക്കാൾ നാം ബഹുമാനിക്കേണ്ടത് അധ്യാപകരെയാണ്. എന്തെന്നാൽ അധ്യാപകർ രക്ഷാകർത്താക്കളേക്കാൾ കുട്ടികൾക്ക് ജീവിതംനൽകുന്നു.

1961-ലാണ് രാഷ്ട്രം വർഷത്തിലൊരു ദിവസം അധ്യാപക ദിനമായി ആഘോഷിക്കാൻ തീരുമാനിച്ചത്. അതിന് ഏറ്റവും അനുയോജ്യമായ ദിവസം സർവ്വേപ്പള്ളി രാധാകൃഷ്ണനെന്ന ഡോ. രാധാകൃഷ്ണന്റെ ജന്മദിനമാണെന്ന് തീരുമാനിച്ചു. അങ്ങനെ 1961 സെപ്റ്റംബർ 5-ന് രാജ്യം ആദ്യത്തെ അധ്യാപക ദിനം ആഘോഷിച്ചു.

1952-ൽ ആദ്യ ഇന്ത്യൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആളാണ് ഡോ. രാധാകൃഷ്ണൻ. 1885 സെപ്റ്റംബർ 5- നാണ് ഇദ്ദേഹം ജനിച്ചത്. തമിഴ്നാട്ടിലെ ചിറ്റൂർ ജില്ലയിലെ തിരുത്തണി ഗ്രാമത്തിലെ സർവ്വേപ്പള്ളി കുടുംബത്തിലായിരുന്നു ജനനം.

അധ്യാപക ദിനാചരണം തുടങ്ങിയതോടെ അദ്യാപകർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ദേശീയ അധ്യാപകനിധി രൂപീകരിക്കപ്പെട്ടു.

ആധുനിക കാലഘട്ടത്തിലെ അധ്യാപകരുടെ  പ്രസക്തി നഷ്ടപ്പെടാതെ കാത്ത് സൂക്ഷിക്കണം എന്ന സന്ദേശം പകരുന്ന, അക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു നല്ല ദിനമായി അധ്യാപക ദിനം നിലകൊള്ളുന്നു.

"ഗുരുർ ദേവോ ഭവഃ"എന്നത് ഘോഷിച്ച ആർഷ  ഭാരത സംസ്കാരത്തിനുടമകളാണ് ഭാരതീയരായ നാം. നമുക്ക് ഗുരു ദൈവതുല്യനല്ല; ദൈവം തന്നെയാണ്. ഗുരു എന്ന പദത്തിനർത്ഥം 'മനസ്സിലെ അന്ധകാരം അകറ്റുന്നവൻ എന്നാണ്. അങ്ങനെ മനസ്സിൽ ജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന ഗുരുവിനെ സമാദരിക്കേണ്ട ആവശ്യകത യവനരും അംഗീകരിച്ചു. യവന തത്വചിന്തകനായ

അരിസ്റ്റോട്ടിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്- "രക്ഷാകർത്താക്കളെക്കാൾ നാം ബഹുമാനിക്കേണ്ടത് അധ്യാപകരെയാണ്. എന്തെന്നാൽ അധ്യാപകർ രക്ഷാകർത്താക്കളേക്കാൾ കുട്ടികൾക്ക് ജീവിതംനൽകുന്നു.

1961-ലാണ് രാഷ്ട്രം വർഷത്തിലൊരു ദിവസം അധ്യാപക ദിനമായി ആഘോഷിക്കാൻ തീരുമാനിച്ചത്. അതിന് ഏറ്റവും അനുയോജ്യമായ ദിവസം സർവ്വേപ്പള്ളി രാധാകൃഷ്ണനെന്ന ഡോ. രാധാകൃഷ്ണന്റെ ജന്മദിനമാണെന്ന് തീരുമാനിച്ചു. അങ്ങനെ 1961 സെപ്റ്റംബർ 5-ന് രാജ്യം ആദ്യത്തെ അധ്യാപക ദിനം ആഘോഷിച്ചു.

1952-ൽ ആദ്യ ഇന്ത്യൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആളാണ് ഡോ. രാധാകൃഷ്ണൻ. 1885 സെപ്റ്റംബർ 5- നാണ് ഇദ്ദേഹം ജനിച്ചത്. തമിഴ്നാട്ടിലെ ചിറ്റൂർ ജില്ലയിലെ തിരുത്തണി ഗ്രാമത്തിലെ സർവ്വേപ്പള്ളി കുടുംബത്തിലായിരുന്നു ജനനം.

അധ്യാപക ദിനാചരണം തുടങ്ങിയതോടെ അദ്യാപകർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി

ദേശീയ അധ്യാപകനിധി രൂപീകരിക്കപ്പെട്ടു.
ആധുനിക കാലഘട്ടത്തിലെ അധ്യാപകരുടെ  പ്രസക്തി നഷ്ടപ്പെടാതെ കാത്ത് സൂക്ഷിക്കണം എന്ന സന്ദേശം പകരുന്ന, അക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു നല്ല ദിനമായി അധ്യാപക ദിനം നിലകൊള്ളുന്നു.

**ആൽബിൻ സാബു**



## പുകവലി വരുത്തുന്ന ദോഷങ്ങൾ

കണ്ണിന് അറപ്പും മൂക്കിന് വെറുപ്പും തലച്ചോറിന് ക്ഷതവും ശ്വാസകോശത്തിന് അപകടവും വരുത്തിവെക്കുന്ന ഒരുപചാരമാണിതെന്ന് പുകവലിയെപ്പറ്റി 1603-ൽ ഇംഗ്ലണ്ടിന്റെ സിംഹാസനമേറിയ ജെയിംസ് ഒന്നാമൻ പറഞ്ഞിട്ടുണ്ട്. പക്ഷേ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നാം അത് ഉൾക്കൊണ്ടില്ല. ഇന്ന് പുകവലിക്കുന്നവരുടെ എണ്ണം വളരെ വർധിച്ചിട്ടുണ്ട്. തങ്ങളുടെ ജീവിതമാണ് പുകഞ്ഞ് തീരുന്നതെന്ന് മനസ്സിലാക്കിയിട്ടും മനുഷ്യൻ അതിനടിമപ്പെട്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. പ്രതിവർഷം അറുപത് ലക്ഷം ടൺ പുകയിലയാണ് ജനങ്ങൾ പുകച്ചു തീർക്കുന്നതെന്ന് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നു.ഏറ്റവും അധികം സമ്പത്തും സ്വാധീന ശക്തിയുമുള്ള ബഹുരാഷ്ട്രകുത്തക വ്യവസായികളിൽ പ്രമുഖർ ഇന്ന് പുകയില വ്യവസായികളാണ്. ആണ്ടുതോറും 3000 ലക്ഷം ഡോളർ സമ്പാദിക്കുന്ന ആറ് പുകയിലകമ്പനികളിൽ മൂന്നെണ്ണം അമേരിക്കൻ ഐക്യനാട്ടുകളിലും രണ്ടെണ്ണം ഇംഗ്ലണ്ടിലും ഒരെണ്ണം തെക്കെ ആഫ്രിക്കയിലുമാണ്. പുകവലിക്കാരുടെ എണ്ണം കാലം കഴിയും തോറും വർധിച്ചുവരികയാണ്. നാൽപതുമുതൽ എഴുപത് ശതമാനംവരെ പുരുഷന്മാരും പത്തുമുതൽ അമ്പതു ശതമാനംവരെ സ്ത്രീകളും പുകവലിയുടെ അടിമകളാണെന്ന് ലോകാരോഗ്യ സംഘടന പറയുന്നു. നിക്കോട്ടിയാന വംശത്തിലുള്ള ഒരു ചെടിയാണ് പുകയില. ആ ചെടിയിൽ വിഷം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയത് ജീൻ നിക്കോട്ടീൻ എന്ന ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ പേരിലാണ് അതിലെ വിഷാംശത്തിന് നിക്കോട്ടീൻ എന്ന പേര് നൽകിയത്. നിക്കോട്ടീൻ എന്ന പേര് നൽകിയിരിക്കുന്നത്.നിക്കോട്ടീൻ എന്ന വിഷത്തിന്റെ ഒരു തുള്ളി നാക്കിൽ വീണാൽ മതി ഒരാൾ മരിക്കും. പുകവലിക്കുമ്പോൾ പുകവലിക്കുമ്പോൾ വളരെ ലഘുവായ മാത്രയിൽ അത് രക്തത്തിൽ കലരുന്നതുകൊണ്ടും കാലക്രമേണ ശരീരം പ്രധിരോധശേഷി ആർജിക്കുന്നതുകൊണ്ടുമാണ് അത്രക്ക് അപകടം സംഭവിക്കാത്തത്. അപകടം ക്രമേണ മാത്രമേ പ്രത്യക്ഷപ്പെട്ടുകയുള്ളൂ. പുകയിലയിലെ വിഷാംശം ശരീരത്തിൽ അതിവേഗം ലയിച്ചുചേരുന്ന ഒന്നാണ്. സിഗരറ്റുവലിക്കുമ്പോൾ ഏഴു സെക്കന്റുകൊണ്ട് അത് തലച്ചോറിലും പതിനഞ്ച് സെക്കന്റുകൾകൊണ്ട് പാദത്തിലെ തള്ളവിരലിലും എത്തും.

ഒരു കൗതുകമെന്ന തരത്തിലാണ് പുകവലിശീലം ആരംഭിക്കുന്നത്. തെറ്റായ ചങ്ങാത്തമാണ് മിക്കപ്പോഴും ഈ ദുശ്ശീലത്തിന് വേദിയൊരുക്കുന്നത്. ആണത്തത്തിന്റെ ലക്ഷണമാണ് പുകവലിയെന്ന മിഥ്യാധാരണ നമുക്കിടയിൽ പ്രചാരം നേടിയിട്ടുണ്ട്. ജീവിതത്തിലെ സാഹസിക നിമിഷങ്ങളിലും മനസ്സിൽ സംഘർഷം നിറയുമ്പോഴും പുകവലി ആശ്വാസകരവും ആവശ്യവുമാണെന്ന് പരസ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഗ്ലാമറിനും ജീവിതവിജയത്തിനും അസാധാരണ മഹത്വത്തിനും പുകവലി ആവശ്യമാണെന്നും പരസ്യങ്ങൾ നമ്മെ തെറ്റിധരിപ്പിക്കുന്നു.

കൗമാരത്തിലാണ് സാധാരണയായി പുകവലി ശീലം ആരംഭിക്കുന്നത്. ഏതു കാര്യവും ശീലിച്ചതിനുശേഷം നിർത്തുന്നതിലും നല്ലത് ശീലിക്കാതിരിക്കുന്നതാണ്. അതുകൊണ്ട് കൗമാരത്തിലേ ശ്രദ്ധിച്ച് പുകവലി ശീലത്തിൽനിന്ന് ഒഴിവാകണം. നിർഭാഗ്യത്തിന് ഇന്ന് ധാരാളം വിദ്യാലയങ്ങൾ ഇത്തരം ദുശ്ശീലങ്ങളുടെ ഈറ്റില്ലമായി അധഃപതിച്ചിട്ടുണ്ട്. പുകവലിയിലൂടെ കഞ്ചാവിലേക്കും അങ്ങനെ മറ്റു മയക്കുമരുന്നുകളിലേക്കും എത്തപ്പെടുന്ന ഒരു വലിയ വിഭാഗം വിദ്യാർത്ഥികൾ ഇന്ന് കലാലയങ്ങളിലുണ്ട്.

ഇത്രയും ആപൽക്കാരിയായ പുകവലി നിരോധിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അതിൽനിന്നുള്ള വരുമാനമാണ് പ്രധാനകാര്യം. എങ്കിലും 'പുകവലി ആരോഗ്യത്തിന് ഹാനികരം'എന്ന മുന്നറിയിപ്പ് സിഗരറ്റിന്റെ കവറിന് പുറത്ത് ചേർക്കണമെന്നനിയമം നിലവിലുണ്ട്. ഇപ്പോൾ കേരളത്തിൽ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇത്തരം നിയന്ത്രണങ്ങളെല്ലാം ഒരു തരത്തിൽ പ്രഹസനം മാത്രമാണ്. പുകവലിയോട് നാം ഓരോരുത്തരും വിടപറഞ്ഞേ മതിയാകൂ. സ്വയം കൈക്കൊള്ളുന്ന ഒരു വിലക്കിലൂടെ മാത്രമേ ഈ ദുശ്ശീലത്തിൽ നിന്ന് നമുക്ക രക്ഷപ്പെട്ടുവാൻ സാദ്ധിക്കുകയുള്ളൂ.

ഒരു സിഗരറ്റ് കൊളുത്തുന്നത് നമ്മുടെ ആരോഗ്യത്തിന് ചിത കൊളുത്തുന്നതുപോലെയാണെന്ന് മനസ്സിലാക്കി ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ നാം ഒത്തൊരുമിച്ച് പ്രയത്നിക്കണം.

**ആൽബിൻ സാബു**



## *അറിയാമോ പറയാമോ*

1. രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്ന ജീവകം
2. പഴങ്ങൾ പാകമാകാൻ  സഹായിക്കുന്ന ഹോർമോൺ ?
3. ജീവിക്കുന്ന ഫോസിൽ എന്നറിയപ്പെട്ടുന്ന മൃഗം?
4. "കെരാറ്റോപ്ലാസി" ശരീരത്തിലെ ഏത് അവയവവുമായി ബന്ധപ്പെട്ട ശസ്ത്രക്രിയയാണ്?
5. ഉറുമ്പിന്റെ ശരീരത്തിലെ ആസിഡ് ?
6. രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്ന പ്രോട്ടീൻ ?
7. രക്തം ശുദ്ധീകരിക്കുന്ന അവയവം ?
8. ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി ?
9. 'രാസവസ്തുക്കളുടെ രാജാവ്' എന്ന് അറിയപ്പെടുന്നത് ?
10. കാർബൺ ഡൈഓക്സൈഡിന്റെ ഖരരൂപം ?
11. ജലത്തിന്റെ pH മൂല്യം ?
12. ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി ?

**ജെറി ഫ്രാൻസിസ്**

## ഉത്തരങ്ങൾ

1. ജീവകം K
2. എഥിലിൻ
3. ടുവടോറ
4. കണ്ണ്
5. ഫോർമിക് ആസിഡ്
6. ഫൈബ്രിനോജൻ
7. വൃക്ക
8. തുടയെല്ല്
9. സൾഫ്യൂരിക് ആസിഡ്
10. ഡ്രൈ ഐസ്
11. 7
12. സ്റ്റേപ്പിസ്

## ***കടങ്കഥകൾ***

1. വേലിപ്പൊക്കത്തിൽ വൈരക്കല്ല്.
2. വെളുത്ത പോലീസിന് കറുത്ത തൊപ്പി.
3. ഇത്തിരി മുറ്റത്തൊത്തിരി വള്ളി.
4. എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ.
5. കുറ്റിക്കാട്ടിൽ കൊച്ചരിവാൾ.
6. ആച്ചെടിക്കൊമ്പത്തൊരു ചോര.
7. അകത്ത് രോമം പുറത്തിറച്ചി.
8. കാറ്റത്തോട്ടം കുടവയറൻ.
9. നാലുവഴി നാലായിരം കടം.
10. മുക്കണ്ണൻ ചന്തയ്ക്കുപോയി.
11. എവിടെ നോക്കിയാലും കാലില്ലാ പന്തൽ.
12. ഇട്ടാൽ പൊട്ടാത്ത കിങ്ങിണിമുട്ട.
13. ഉറങ്ങും കണ്ണടക്കില്ല.
14. മണിയടിച്ചാൽ മലമ്പാമ്പോട്ടം.
15. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി.

**ബിശ്വിൻ സണ്ണി**

## ഉത്തരങ്ങൾ

1. മിന്നാമിനുങ്ങ്
2. തീപ്പെട്ടിക്കൊള്ളി
3. കൈരേഖ
4. ശീലക്കുട
5. പല്ല്
6. ചെമ്പരത്തിപ്പൂവ്
7. മൂക്ക്
8. ബലൂൺ
9. ചതുരക്കളി
10. തേങ്ങ
11. ആകാശം
12. കടുക്
13. മദ്ധ്യം
14. തീവണ്ടി
15. പേൻ

## *പഴഞ്ചൊല്ലുകൾ*

1. അങ്ങാടിയിൽ തോറ്റതിനമ്മയോട്.
2. അടി തെറ്റിയാൽ ആനയും വീഴും.
3. അരിയെറിഞ്ഞാൽ ആയിരംകാക്ക.
4. അറിയാത്തവന് തല്ല്, അറിഞ്ഞവന്
   ചൊല്ല്.
5. ആന കൊടുത്താലും ആശ കൊടുക്കരുത്.
6. അൽപനർത്ഥം കിട്ടിയാൽ
   അർദ്ധരാത്രിയിലും കുട പിടിക്കും
7. വീട് മറന്നാലും മൂട് മറക്കരുത്.
8. ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്,
   ഉണ്ടവന് പായ കിട്ടാഞ്ഞിട്ട്.
9. ഉള്ളത് പറഞ്ഞാൽ ഉറിയും ചിരിക്കും.
10. മിണ്ടാപ്പൂച്ച കലമുടക്കും.
11. മിന്നുന്നതെല്ലാം പൊന്നല്ലാ. പായ കിട്ടാഞ്ഞിട്ട്.

9. ഉള്ളത് പറഞ്ഞാൽ ഉറിയും ചിരിക്കും.
10. മിണ്ടാപ്പൂച്ച കലമുടക്കും.

**ബിശ്വിൻ സണ്ണി**

## ഒന്നാം കിളി

ഒന്നാം കിളി ബസിന്റെ ഫ്രണ്ടഡോറിൽ നിൽക്കുന്നു.
രാണ്ടാം കിളി ബസിന്റെ ബാക്ക്ഡോറിൽ നിൽക്കുന്നു.
ഒന്നാം കിളി ഫ്രണ്ട്ഡോറിൽ പെണ്ണുങ്ങള് കേറുമ്പോൾ
അങ്ങട്തള്ളി ഇങ്ങട്തള്ളും...
കിളി ഡോറിൽ തൂങ്ങി  നിൽക്കും
പല പോസിൽ ആടിനിൽക്കും
നല്ല സുന്ദരി പെണ്ണുങ്ങൾ കേറുമ്പോൾ
താങ്ങിക്കൊണ്ട്ഡബിൾ ബല്ലടിക്കും
ബസിനു ഉള്ളിൽ ഒരു പെണ്ണ് നിന്നാൽ
കെളവൻന്മാർ ദേഹത്ത് ചേർന്ന്നിൽക്കും
സീറ്റിൻ  പിന്നിൽ ഗ്യാപിലൂടെ
നീളുന്ന രണ്ടു കൈകൾ മെല്ലെ
നീണ്ടു വന്നു കാലും രണ്ടും
ബാക്കിലിരുന്നോന്റെ വേലകണ്ടോ
'ടം' ന്നോറ്റപ്പൊട്ടിക്കൽ...
പെണ്ണുതിരിഞ്ഞു മോന്തയ്ക്കടിച്ചു
പെണ്ണുകണ്ടാൽ സുന്ദരിയാ
ഗതി കെട്ടാൽ പോക്കിരിയാ
ച്ചുമ്മ പെണ്ണിൻ മുമ്പിൽ സ്റ്റൈലുകൾ
കാട്ടുന്ന പൂവാലൻ ഓർത്തുവച്ചോ
സുന്ദരിയാം പെണ്ണൊരെണ്ണം
ഡ്രൈവറെ നോക്കി സ്റ്റൈല്ല ചെയ്താൽ
ഡ്രൈവറുടൻ സ്റ്റൈല്ല കാട്ടി
ബസിനു സ്പീഡു കൂട്ടും
ഫുൾ വോള്യത്തിൽ പുള്ളി പാട്ടുവയ്ക്കും
രാത്രിയിലും കൂളിംഗ് ഗ്ലാസ്സു വയ്ക്കും
എതിരെ വരുന്ന ഡ്രൈവർമാരുടെ
തന്തക്കും കള്ളക്കും വിളികളൾ കേൾക്കാം
'ഠോ' എന്നൊരു ഇടിക്കൽ
ഒറ്റ വെട്ടിക്കൽ, കൂട്ടക്കരച്ചിൽ
ഡ്രൈവ് പെയ്യാൻ സുന്ദരമാ
ശ്രദ്ധ പോയാൽ ഭീകരമാ...!

**ഡാനിയേൽ ദീപു**

## *Mahatma Gandhi*




*A leader of his people*
*unsupported by any out ward authority ;*
*A politician whose success rests not -*
*up on craft nor the mastery of technical*
*devices but simply on the convincing .*
*Power of his personality a victorious .*
*Fighter who has always scorned the use of force .*
*A man of wisdom and humility ,*
*armed with resolve and inflexibility .*
*Who has devoted all his strength to the*
*uplifting of his people and the betterment*
*of their lots , a man who has confronted the brutality*
*of Europe with dignity .*

*The simple human being and thus*
*at all times risen superior .*
*Generations to come , it may be will*
*scare believe that such a one as this*
*ever in flesh and blood , walked upon this earth .*

*Gandhiji was like a powerful current of fresh air*
*that made us sketch ourselves and take deep breaths .*
*He did not descent from the top he seemed to*
*emerge from the millions of India speaking their*
*languages .*

***Daniel Deepu***

## *മഹാത്മഗാന്ധിയിലേക്ക്ഒരു തിരിഞ്ഞുനോട്ടം*



- 1869- ഒക്ടോബർ 2-ന് കരംചന്ദ് ഗാന്ധിയുടേയും പുത്ലിഭായിയുടേയും മകനായി ജനിച്ചു.രാജ്കോട്ടിലെ സ്കൂളിൽ പഠനം. ' ഹരിശ്ചന്ദ്ര', ശ്രുവണ പിതൃഭക്തി' എന്നീ നാടകങ്ങൾ കുട്ടിക്കാലത്ത് ഏറെ സ്വാധീനിച്ചു.
- 1883- കസ്തൂർബയെ വിവാഹം ചെയ്തു.
- 1887- മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി.
- 1888- പഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോയി.
- 1891- ജൂൺ 10-ന് ബാരിസ്റ്ററായി.
- 1893- ദക്ഷിണാഫ്രിക്കയിലേക്ക് പോയി.
- 1894-' നേതാൾ ഇന്ത്യൻ കോൺഗ്രസ്' ആരംഭിച്ചു.
- 1896- ഇന്ത്യയിൽ തിരിച്ചെത്തി. ഗോപാലകൃഷ്ണ ഗോഖലയെ സന്ദർശിക്കുകയും ഗുരുവായി സ്വീകരിക്കുകയും ചെയ്തു.കുടുംബസമേതം വീണ്ടും ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചുപോയി.
- 1899-1902- ദക്ഷിണാഫ്രിക്കയിൽ ബേവർ യുദ്ധകാലത്ത് ആംബുലൻസ് സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു.
- 1903- ജൂൺ 4-ന് 'ഇന്ത്യൻ ഒപ്പീനിയൻ' പത്രം പ്രസിദ്ധീകരിച്ചു.
- 1919- 'യങ് ഇന്ത്യ', 'നവജീവൻ' എന്നിവ തുടങ്ങി.
- 1933- 'ഹരിജൻ' ആരംഭിച്ചു.
- 1910- ടോൾസ്റ്റോയി ഫാം ആരംഭിച്ചു.
- 1914- ജൂലൈയിൽ ദക്ഷിണാഫ്രിക്കയിൽനിന്ന് യാത്ര തിരിച്ചു. ഓഗസ്റ്റിൽ ഇംഗ്ലണ്ടിലെത്തി. ഡിസംബർ വരെ അവിടെ പല പരിപാടികളിലും പങ്കെടുത്തു.
- 1915- ജനുവരി 9- തിന് ബോംബെയിൽ കപ്പലിറങ്ങി. ഡിസംബറിൽ ബോംബെ യിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുത്തു.
- 1917-ബീഹാറിലെ ചമ്പാരനിൽ നീലം കർഷകർക്കു വേണ്ടി സമര രംഗത്തിറങ്ങി. ഇതായിരുന്നു ഇന്ത്യയിലെ ഗാന്ധിജിയുടെ ആദ്യ സമരം.
- 1919- ഏപ്രിൽ 6-ന് നിരാഹാരവ്രതത്തോടു കൂടിയ ഹർത്താലിന് ആഹ്വാനം ചെയ്തു.

അമൃതസറിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ഗാന്ധിജിയോട് കോൺഗ്രസ്സിന് പുതിയ ഭരണഘടന തയ്യാറാക്കാൻ ആവശ്യപ്പെട്ടു.

- 1920- ഓഗസ്റ്റ് 1-ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ നിസ്സഹകരണ സമരം ആരംഭിച്ചു.
  ഉത്തർ പ്രദേശിലെ ചൗരി ചൗര ഗ്രാമത്തിൽ ആശ്രമസ്ഥരായ സമരക്കാർ പോലീസ് സ്റ്റേഷന് തീവച്ചു. ഇതിൽ 22 പോലീസുകാർ കൊല്ലപ്പെട്ടു. തുടർന്ന് നിസ്സഹകരണ സമരം പിൻവലിച്ചു.

- 1922- മാർച്ച് 10-ന് അറസ്റ്റിലായി. യങ് ഇന്ത്യയിൽ എഴുതിയ ലേഖനങ്ങൾ രാജ്യദ്രോഹമാണ് എന്നതായിരുന്നു കുറ്റം.

- 1924- ഫെബ്രുവരിയിൽ ജയിൽ മോചിതനായി. ബൽഗാം സമ്മേളനത്തിൽ കോൺഗ്രസ്സ് പ്രസിഡന്റായി സ്ഥാനമേറ്റു. സെപ്റ്റംബർ 18- ന് 21 ദിവസത്തെ ഉപവാസം ആരംഭിച്ചു. ഹിന്ദു- മുസ്ലീം ഐക്യത്തിനു വേണ്ടിയായിരുന്നു ഈ ഉപവാസം.

- 1930- ഏപ്രിൽ 6-ന് ദണ്ഡി കടപ്പുറത്ത് വച്ച് ഉപ്പു നിയമം ലംഘിച്ചുകൊണ്ട് നിയമലംഘന സമരത്തിന് തുടക്കം കുറിച്ചു.

- 1942- ഓഗസ്റ്റ് എട്ടിന് ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി ബോംബെയിലെ ഗൊവാറിയ ടാങ്ക് മൈതാനത്ത് തടിച്ചുകൂടിയവരെ അഭിസംബോധന ചെയ്തുകൊണ്ടു സംസാരിച്ചു. സമരം രൂക്ഷമായതോടെ ഗാന്ധിജിയെ അറസ്റ്റു ചെയ്തു.

- 1943- ഫെബ്രുവരി 10-ന് ജയിലിൽ നിരാഹാരം ആരം ഭിച്ചു. 21 ദിവസത്തിനു ശേഷം സമരം അവസാനിപ്പിച്ചു.

- 1944- ജയിൽ മോചിതനായി.


- 1947- ഓഗസ്റ്റ് 15-ന് ഒന്നാം സ്വാതന്ത്ര്യ ദിനത്തിൽ ഗാന്ധിജി ബംഗാളിലെ 'ഹൈദരി മൻസിൽ' എന്ന മുസ്ലീം ഭവനത്തിലായിരുന്നു.

- 1948- ജനുവരി 13 മുതൽ 18 വരെ ഉപവാസം അനുഷ്ഠിച്ചു.
  ജനുവരി 30-ന് വൈകിട്ട് 5.17 ന് നാദുറാം ഗോഡ്സേയുടെ വെടിയേറ്റ് മരിച്ചു.

**പ്രത്യൂവ് പി**

## *വലിയവരുടെ ലോകം*

### ഡിനോസർ ഭീമന്മാർ



ഏകദേശം ആറര കോടി വർഷം മുമ്പ് ഭൂമിയിൽനിന്ന് അപ്രത്യക്ഷമായ ഭീമന്മാരാണ് ഡിനോസറുകൾ. ഇന്നേവരെ ഭൂമിയിൽ ജീവിച്ചിരുന്ന ഏറ്റവും വലിയ ജന്തുക്കളായിരുന്നു ഇവ.

ഫോസിൽ പഠനങ്ങളിൽ നിന്നാണ് നമുക്ക് ഇവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കിട്ടിയത്. 'ദിനോസ്' എന്നാൽ 'പേടിപ്പിക്കുന്ന ആകാരമുള്ള' എന്നും 'സോറസ്' എന്നാൽ 'പല്ലി' എന്നുമാണ് അർത്ഥം.

### കടൽ ഭീമൻ



തിമിംഗലങ്ങളുടെ കൂട്ടത്തിലെ നീലത്തിമിംഗലമാണ് ഭൂമിയിലെ ഏറ്റവും വലിയ ജീവി. കുഞ്ഞുങ്ങളെ പ്രസവിക്കുകയും മുലയൂട്ടി വളർത്തുകയും ചെയ്യുന്ന സസ്തനികളാണ് തിമിംഗലങ്ങൾ.



### പാമ്പു ഭീമൻ അനക്കോണ്ട

തെക്കേ അമേരിക്കയിലെ ആമസോൺ കാടുകളും ആമസോൺ നദിയുമെല്ലാം ഈ ഭീമന്റെ വിഹാര കേന്ദ്രമാണ്. ഏകദേശം 27 അടിയോളം നീളവും 200 കിലോ ഗ്രാം ഭാരവുമുള്ള ഇവന് സദാസമയവും വെള്ളത്തിൽ കഴിയാനാണ് ഇഷ്ടം.

### ഗൊറില്ല



പ്രധാനമായും 3 ഇനം മനുഷ്യ കുരങ്ങുകളാണ് ലോകത്തുള്ളത്: ഗൊറില്ല, ചിമ്പാൻസി, ഒറാങ്ങുട്ടാൻ. കാടുകളിൽ കണ്ടുവരുന്ന ഗൊറില്ലയാണ് കുരങ്ങുവർഗ്ഗത്തിലെ ഏറ്റവും വലിയത്.ഒരു വലിയ ആൺഗൊറില്ലക്ക് 2.5 മീറ്ററോളം ഉയരവും 200 കിലോ ഗ്രാം തൂക്കവും വരും.

### ആനയെ പേടിക്കണോ..?



കരയിൽ ഇന്നു ജീവിച്ചിരിക്കുന്നവയിൽ ഏറ്റവും വലിയ ജീവിയാണ് ആന. ആഫ്രിക്കൻ ആനകളാണ് ആനകളിൽ ഭീമന്മാർ.

ആനകളുടെ പൂർവ്വികരാണ് മാമത്തുകൾ. നീണ്ടു വളഞ്ഞ കൊമ്പുകളും ശരീരം നിറയെ രോമങ്ങളുമുള്ള മാമത്തുകളെ

കണ്ടാൽ പേടിയാകും.

<u>പക്ഷികളിലെ വമ്പൻ</u>

ലോകത്തിലെ ഏറ്റവും വലിയ പക്ഷിയാണ് ഒട്ടകപക്ഷി. പറക്കാനുള്ള കഴിവില്ലെങ്കിലും ഇവർ വലിയ ഓട്ടക്കാരാണ്. മണിക്കൂറിൽ 90 കിലോ മീറ്റർ വരെ ഓടാനുള്ള കഴിവ് ഇവർക്കുണ്ട്. സിംഹങ്ങളെ വരെ തൊഴിച്ചോടിക്കാൻ പോന്ന ശക്തിയുള്ള കാലുകൾ ഇവക്കുണ്ട്.



<u>ധ്രുവക്കരടി എന്ന മഞ്ഞുഭീമൻ</u>



ഉത്തരധ്രുവ പ്രദേശങ്ങളിൽ ജീവിക്കുന്ന മഞ്ഞുഭീമന്മാരാണ് ധ്രുവക്കരടികൾ. 10 മനുഷ്യരുടേതിനു തുല്യമാണ് ഇവയുടെ ഭാരം. ഏകദേശം 2.7 മീറ്റർ വരെ നീളവുമുണ്ടാകും.

**ആൽബിൻ എൽദോസ്**

## *Poverty*

Poverty is the worst curse which kills our children. Poverty is the state of any person of being extremely poor. It is the extreme situation when a person feels lack of essential items required to continue the life essential items such as:



a) Shelter
b) Clothing
c) Medicine
d)Food

Some common problems of poverty are:

i) Over population
ii) Lethal
iii) Epidemic disease
iv) Natural disease
v) Low agriculture output
vi) Lack of employment
vii) Castism in Country
viii) Letarancy
ix) Environmental problems
x) Lack of proper education

We know that poverty crime. The common people who dreams of a wonderful life was admitted to poverty. Poverty was happening nowadays also in many countries. The persons who get admitted to poverty were not given certain items for their living.

They do not have their own enjoyment. On the other hand, the person who were admitted to poverty will change the world. We do not have any idea about the calibre behind them. But poverty is the problem for all of this.


Friends, let us join join our hands together to remove this worst curse. The worst thing “Poverty” from our country and help the citizen who were undergoing poverty nowadays and let us together try to a make new nation.

Thank You

**Albin Binu**

## *വിട്ടുപോയ ഉത്തരവ്...*

ഒറ്റയ്ക്ക് പോകില്ലച്ഛാ കൂട്ടുകാരുണ്ട് കൂടെ,
അച്ഛന്റെ വാക്കുകളെ നിന്ദിക്കില്ലിനി ഞാനും,
ഗുരുവും ശിഷ്യന്മാരുംപോകാനൊരുക്കം ചെയ്ത
കുട്ടനുംപോകുവാനായ് കൊതിച്ചുനിന്നു അന്ന്
അച്ഛൻ പറഞ്ഞു വേണ്ട, അമ്മ പറഞ്ഞു വേണ്ട,
അമ്മയുടെ കാൽക്കൽ വീണു
പോകാനൊരുങ്ങി കുട്ടൻ,
അച്ഛന്റെ വാക്കുകളെനിന്ദിച്ചു കുട്ടനും പോയി,
കുട്ടനെ നോക്കിയില്ലച്ഛൻ മുഷ്ടി മുറുക്കി അന്ന്
അച്ഛന്റെ വാക്കുകളെ വിട്ടിട്ടു പോയി
കുട്ടൻ പോകും വഴിക്കുതന്നെ വണ്ടി-ചതിച്ചുകേട്ടോ,
കുട്ടനും കൂട്ടുകാരും പിരിഞ്ഞുപോയി അന്ന്,
പോകുന്നതിന്മുൻപ് കുട്ടാ
അച്ഛന്റെ വാക്കുകൾനിനക്ക് ഓർക്കാമായിരുന്നു.




**ദിവ്ദാസ്**


## *വൈക്കം മുഹമ്മദ് ബഷീർ*

*പ്രശസ്ത മലയാള കഥാകൃത്തും നോവലിസ്റ്റും. 1928-ൽ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനനം.'ബേപ്പൂർ സുൽത്താൻ എന്ന വിളിപ്പേരിൽ ശ്രദ്ധേയനായി. അന്യകരിക്കാനാകാത്ത ഭാഷയുടെ ഉടമ.*

*പ്രധാനക്രതികൾ :ബാല്യകാല സഖി, പാത്തുമ്മയുടെ ആട്, ആനവാരിയും പൊൻകുരിശും,ശബ്ദങ്ങൾ, ആനപ്പൂട, ഓർമ്മകുറിപ്പ്, വിഡ്ഢികളുടെ സ്വർഗ്ഗം, പാവപ്പെട്ടവരുടെ വേശ്യ, ജന്മദിനം.*

*മുഖ്യബഹുമതികൾ : പത്ശ്രീ പുരസ്കാരം ,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്.*

**ജോയൽ സേവ്യർ**



# നന്ദി

*ഈ എളിയ സംരഭത്തിൽ സൃഷ്ടികളും നിർദ്ദേശങ്ങളും നൽകി ഞങ്ങളോടു സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരോടും കൃതജ്ഞത അറിയിക്കട്ടെ,*

*എന്ന് ,*
*സ്നേഹപൂർവ്വം  എഡിറ്റർ*